# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1525 — 10-02-2020-ന് മറുപടിയ്ക്ക്

### വെൺകടമ്പിൽ കാനനിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.ആൻസലൻ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വെൺകടമ്പിൽ കൃഷിവകുപ്പ് 2016-17ൽ കാനനിർമ്മാണത്തിന് എത്ര തുക ആണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വെൺകടമ്പ് ഏലായിലെ വികസനപ്രവർത്തനങ്ങൾക്ക് RKVY Schemeൽ ഉൾപ്പെടുത്തി 2015-16ൽ 92.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പദ്ധതി പൂർത്തീകരിക്കുന്നതിലെ തടസ്സം എന്തെന്ന് വിശദമാക്കുമോ; പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികൾക്ക് ആണ് ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | നീർത്തടാധിഷ്ഠിത ചാലുകൾ കോൺക്രീറ്റ് ചെയ്ത് സ്ഥിരമായി കാന നിർമ്മിക്കുക എന്ന പ്രവൃത്തി സമീപസ്ഥല ഉടമകൾ തടസ്സപ്പെടുത്തുന്നതാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നതിലെ പ്രധാന തടസ്സം. ഈ പദ്ധതി പ്രകാരം 1325 മീറ്റർ നീളത്തിൽ കാനനിർമ്മാണവും 4 റാമ്പുകളും ആണ് നിർമ്മിക്കാനുള്ളത്. |
| (സി) | വെൺകടമ്പിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല എങ്കിൽ ഭരണാനുമതി നൽകിയ തുകയിൽ ചെലവായ തുക കഴിച്ച് ബാക്കി വരുന്ന തുകയ്ക്ക് കുളത്തൂർ പഞ്ചായത്തിലെ മറ്റേതെങ്കിലും പാടശേഖരത്തിന് ഭരണാനുമതി നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (സി) | RKVY സ്കീം പ്രകാരം, പ്രോജക്ട് അധിഷ്ഠിതമായി മാത്രം ഭരണാനുമതി നല്കിയിട്ടുള്ളതിനാൽ അനുവദിച്ചിട്ടുള്ള തുക ടി പ്രോജക്ടിനു മാത്രമാണ് ഉപയോഗിക്കുവാൻ സാധ്യമാകുന്നത്. |
| (ഡി) | പദ്ധതിപ്രകാരം എത്ര തുകയാണ് ചെലവഴിച്ചത് എന്ന് വിശദമാക്കാമോ? | (ഡി) | പദ്ധതിപ്രകാരം 23,19,615 രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ